# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മെയ് 20**

---

## എംജി ബിഎഡ് ഏകജാലക പ്രവേശനം; ഓൺലൈനിൽ രജിസ്റ്റർ ചെയ്യാം

*എം ജി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിലെ ഒന്നാം വർഷ ബിഎഡ് പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴി പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ (cap.mgu.ac.in) ആരംഭിച്ചു.*

*എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്ക് ഇത്തവണ മുതൽ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കണം. സർവകലാശാലയാണ് അലോട്ട് മെന്റ് നടത്തുക. കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർക്ക് അതത് കമ്മ്യൂണിറ്റിയിൽപെട്ട എയ്ഡഡ് കോളേജുകളിൽ മാത്രമേ അപേക്ഷ നൽകാൻ കഴിയൂ.*

*മാനേജ്മെന്റ്, സ്പോർട്സ്, ഭിന്നശേഷി ക്വാട്ടകളിൽ പ്രവേശനത്തിന് അപേക്ഷകർ ഓൺലൈനിൽ രജിസ്റ്റർ ചെയ്ത ശേഷം ക്യാപ് അപേക്ഷാ നമ്പർ കോളജുകളിൽ നൽകണം. ഏകജാലക സംവിധാനത്തിൽ അപേക്ഷ സമർപ്പിക്കുന്നവരെ മാത്രമേ മാനേജ്മെന്റ് ക്വാട്ടയിൽ പരിഗണിക്കൂ.*

*സംവരണാനുകൂല്യത്തിന് അർഹതയുള്ളവർ സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പതിപ്പ് അപ് ലോഡ് ചെയ്യണം. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പെട്ടവർ ജാതി സർട്ടിഫിക്കറ്റും എസ്ഇബിസി, ഒഇ സി വിഭാഗക്കാർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും ഓൺലൈനിൽ നൽകണം.*

*ഇ ഡബ്ള്യു എസ് സംവരണാനുകൂല്യം വേണ്ടവർ റവന്യു അധികാരിയിൽ നിന്നുമുള്ള ഇൻകം ആൻഡ് അസെറ്റ്സ് സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യണം. എൻ.സി.സി, എൻ.എസ്.എസ് ബോണസ് മാർക്കിന് അർഹതയുള്ളവർ ബിരുദ തലത്തിലെ സാക്ഷ്യപത്രമാണ് സമർപ്പിക്കേണ്ടത്.*

*വിമുക്ത ഭടൻമാരുടെയും ജവാൻമാരുടെയും ആശ്രിതർക്ക് അർഹമായ*

ബോണസ് മാർക്കിന് ജില്ലാ സൈനിക ക്ഷേമ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം. ഇതിനായി ആർമി, നേവി, എയർ ഫോഴ്സ് എന്നീ വിഭാഗങ്ങളെ മാത്രമേ പരിഗണിക്കൂ.വിവിധ പ്രോഗ്രാമുകളിലേക്ക് കോളേജുകളിൽ അടയ്ക്കേണ്ട ഫീസിന്റെ വിവരങ്ങൾ വെബ് സൈറ്റിൽ.

ആപ്ലിക്കേഷൻ ഫീസ് പൊതു വിഭാഗത്തിന് 1300 രൂപയും പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 650 രൂപയുമാണ്. ഓൺലൈൻ അഡ്മിഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ cap.mgu.ac.in ൽ ലഭിക്കും. ഫോൺ- 0481-2733511, 0481-2733521, 0481-2733518. ഇമെയിൽ- bedcap@mgu.ac.in

(പി.ആർ.ഒ/39/1589/2025)

## ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാം; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോടെക്നോളജിയും കണ്ണൂർ സർവകലാശാലയിലെ ഫിസിക്സ്, കെമിസ്ട്രി വകുപ്പുകളും സംയുക്തമായി നടത്തുന്ന ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാമുകളിൽ പ്രവേശനത്തിന് ഓൺലൈനിൽ അപേക്ഷ നൽകാം. എം.എസ്സി ഫിസിക്സ്(നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി), എം.എസ്സി കെമിസ്ട്രി(നാനോ സയൻസ് ആന്റ് നാനോടെക്നോളജി) എന്നിവയാണ് പ്രോഗ്രാമുകൾ.

പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. നാനോസയൻസിലും നാനോ ടെക്നോളജിയിലും വിദ്യാർഥികൾക്ക് സമഗ്രമായ അറിവു നൽകുന്ന രീതിയിലാണ് സിലബസ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. രണ്ടു സർവകലാശാലകളുടെയും സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള അവസരം, അത്യാധുനിക ലാബോറട്ടറികൾ, വിദഗ്ധരായ അധ്യാപകർ, മേജർ പ്രോജക്ടുകളിൽ വിദേശ രാജ്യങ്ങളിൽ ഇന്റേൺഷിപ്പ്, വ്യവസായ മേഖലയുമായുള്ള സഹകരണം, പ്ലേസ്മെന്റ് തുടങ്ങിയവ പ്രത്യേകതകളാണ്.

ബിഎസ്സി ഫിസിക്സ്, ബിഎസ്സി ഓണേഴ്സ് ഫിസിക്സ് എന്നിവയിൽ ഏതെങ്കിലും 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ വിജയിച്ചവർക്ക് എംഎസ്സി ഫിസിക്സ് പ്രോഗ്രാമിന് അപേക്ഷിക്കാം. 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബിഎസ്സി കെമിസ്ട്രി, ബിഎസ്സി ഓണേഴ്സ് കെമിസ്ട്രി യോഗ്യതയുള്ളവരെയാണ് എംഎസ്സി കെമിസ്ട്രി പ്രോഗ്രാമിന് പരിഗണിക്കുന്നത്. അവസാന സെമസ്റ്റർ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. വിശദ വിവരങ്ങൾ https://snsnt.mgu.ac.in/prospectus/ എന്ന ലിങ്കിൽ

അവസാന തീയതി മെയ് 30. ഫോൺ: 9495392750 (ഫിസിക്സ്), 8281915276, 9447709276 (കെമിസ്ട്രി). ഇമെയിൽ: snsnt@mgu.ac.in

*(പി.ആർ.ഒ/39/1590/2025)*

## മാനവിക വിഷയങ്ങളിലെ ഗവേഷണ രീതി; ശിൽപ്പശാലയ്ക്ക് രജിസ്റ്റർ ചെയ്യാം

*മാനവിക വിഷയങ്ങളിലെ ഗവേഷണ രീതി, അക്കാദമിക എഴുത്ത് എന്നിവയിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സ് സംഘടിപ്പിക്കുന്ന ശിൽപ്പശാല ജൂൺ ഒൻപതു മുതൽ 14 വരെ നടക്കും. ഭാഷ, നാടകം, ഫൈൻ ആർട്സ് എന്നിവയിൽ ഗവേഷണത്തിന് രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർഥികൾക്ക് പങ്കെടുക്കാം.*

*ഗവേഷണത്തിന്റെ പ്രാരംഭ ഘട്ടത്തിലുള്ളവർക്ക് ഈ മേഖലകളിൽ നൈപുണ്യം നൽകുന്നതിന് ലക്ഷ്യമിടുന്ന ശിൽപ്പശാല ഇംഗ്ലീഷിലും മലയാളത്തിലുമായാണ് നടത്തുന്നത്. കേരളത്തിലെ ഏതെങ്കിലും സർവകലാശാലയിൽ 2024 ജൂൺ ഒന്നിനു ശേഷം ഗവേഷണത്തിന് രജിസ്റ്റർ ചെയ്തവരെയാണ് പരിഗണിക്കുന്നത്. അവസാന തീയതി മെയ് 30. വിശദ വിവരങ്ങൾ* lettersmethodology@gmail.com *എന്ന ഇമെയിൽ വിലാസത്തിൽ ലഭിക്കും.*

*(പി.ആർ.ഒ/39/1591/2025)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ എംസിഎ (2024 അഡ്മിഷൻ റഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ രണ്ടു മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

..............................

*പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് (പുതിയ സ്കീം-2020 അഡ്മിഷൻ റഗുലർ ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 11 മുതൽ തൃക്കാക്കര, ഭാരത് മാതാ കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1592/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*നാലാം സെമസ്റ്റർ എംഎ സിറിയക്ക് (സിഎസ്എസ്-2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ അഞ്ചു മുതൽ നടക്കും.*

*മെയ് 22 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മെയ് 23 വരെയും സൂപ്പർ ഫൈനോടുകൂടി മെയ് 26 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1593/2025)*

## സമയപരിധി നീട്ടി

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ എല്ലാ പാരാമെഡിക്കൽ ബിരുദ പ്രോഗ്രാമുകളുടെയും അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ ജൂൺ 16 വരെയും ഫൈനോടുകൂടി ജൂൺ 17 നും സൂപ്പർ ഫൈനോടുകൂടി ജൂൺ 18നും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1594/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ